**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4724** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആർ.ബി. കനാൽവഴിയുള്ള ജലവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് മൂലത്തറ ഡാമിൽ നിന്നും ഓരോ ജലവർഷവും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കുന്ന 7.25 ടി.എം.സി. ജലത്തിൽനിന്നും എത്ര അളവാണ് ആർ.ബി. കനാലിലൂടെ വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ; | (എ) | ഓരോ ജലവർഷവും തമിഴ്നാട്ടിൽ നിന്നും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കുന്ന ജലം കൃഷിയുടെ ആവശ്യകത അനുസരിച്ച് മൂലത്തറ ഇടതുകര, വലതുകര, ചിറ്റൂർപ്പുഴയിലുള്ള ജലസേചന സ്കീമുകളിലെ ആയക്കെട്ട് പ്രദേശങ്ങളിൽ വിതരണം നടത്തി വരുന്നു. ആയത് എത്ര അളവ് വീതം ആണെന്ന് തരം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) | 2010-11 മുതൽ 2023-24 വരെയുള്ള ഓരോ ജലവർഷവും ആർ.ബി. കനാൽ വഴി എത്ര ദിവസം വീതം ജലവിതരണം നടത്തിയിട്ടുണ്ടെന്നും; വിതരണം നടത്തിയ ജലത്തിന്റെ അളവും ലഭ്യമാക്കുമോ; | (ബി) | 2010-11 മുതൽ 2023-24 വരെ ഓരോ ജലവർഷവും വലതുകര കനാൽ വഴി ജലവിതരണം നടത്തിയ ദിവസങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൃഷികളുടെ ആവശ്യകത അനുസരിച്ചും, അതാത് സമയങ്ങളിൽ മണക്കടവിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ ലഭ്യതക്കനുസരിച്ചും, വലതുകര, ഇടതുകര, ചിറ്റൂർപ്പുഴയിലുള്ള ജലസേചന പദ്ധതികളിലെ ആയക്കെട്ട് പ്രദേശങ്ങൾക്കും കുടിവെള്ള പദ്ധതികൾക്കും ജലവിതരണം നടത്തിവരുന്നു. തമിഴ്നാട്ടിൽ നിന്നും പി.എ.പി. കരാർ പ്രകാരം മണക്കടവിൽ ഓരോ ദിവസവും ലഭിക്കുന്ന ആകെ വെള്ളത്തിന്റെ അളവ് രേഖപ്പെടുത്തുന്നതല്ലാതെ മൂലത്തറ റെഗുലേറ്ററിൽ നിന്നും വിവിധ പദ്ധതികളിലേക്ക് ജലവിതരണം നടത്തുന്നതും കുടിവെള്ള പദ്ധതികൾക്ക് വിതരണം ചെയ്യുന്നതുമായ വെള്ളത്തിന്റെ അളവ് തരം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. |
| (സി) | മൂലത്തറ ഡാമിൽ നിന്നും ചിറ്റൂർ പുഴ പ്രദേശങ്ങളിൽ ജലവിതരണം നടത്തിവരുന്നത് ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ? | (സി) | മൂലത്തറ ഡാമിൽ നിന്നും ചിറ്റൂർ പുഴ പ്രദേശങ്ങളിൽ ജലവിതരണം നടത്തിവരുന്നത് 20.02.2010 തീയതിയിലെ സ.ഉ(കൈ) നം.15/2010–ജ.വി.വ ഉത്തരവ് പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2010 – 11 മുതൽ 2023-24 വരെ ഓരോ ജലവർഷവും വലതുകര കനാൽ വഴി ജലവിതരണം നടത്തിയ ദിവസങ്ങൾ.

| ജലവർഷം | ദിവസങ്ങളുടെ എണ്ണം |
|---|---|
| 2010-11 | 167 |
| 2011-12 | 157 |
| 2012-13 | 147 |
| 2013-14 | 211 |
| 2014-15 | 138 |
| 2015-16 | 133 |
| 2016-17 | 68 |
| 2017-18 | 151 |
| 2018-19 | 76 |
| 2019-20 | 89 |
| 2020-21 | 102 |
| 2021-22 | 62 |
| 2022-23 | 43 |
| 2023-24 | 53 |

**സെക്ഷൻ ഓഫീസർ**